118 (675) മൂന്നാം ഗ്രേഡ് മുനിസിപ്പൽ സെക്രട്ടറിമാരുടെ നിയമനം

ശ്രീ. കെ. മുഹമ്മദാലി : താഴെകാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാം ഗ്രേഡ് മുനിസിപ്പൽ സെക്രട്ടറിമാരുടെ നിയമനത്തിന് ഡിപ്പാർട്ടുമെന്റിൽ നിന്നുള്ള കാൻഡിഡേറ്റുകൾക്ക് ഇപ്പോൾ സംവരണ ആനുകൂല്യം നിലവിലുണ്ടോ;

(ബി) ഈ വിഭാഗത്തിന് സംവരണ ആനുകൂല്യം നല്കുന്ന കാര്യം ഗവൺമെന്റ് പരിഗണിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ നിലവിലുള്ള 7698/ഡി2/95/എൽ.എ.ഡി എന്ന ഫയലിൽ തീരുമാനമായിട്ടുണ്ടോ;

(ഡി) മുൻപ് നിലവിലുണ്ടായിരുന്ന പ്രകാരം ഡിപ്പാർട്ടുമെന്റ് കാൻഡിഡേറ്റുകൾക്ക് സംവരണ ആനുകൂല്യം തുടർന്നും നല്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) മുനിസിപ്പൽ സെക്രട്ടറിമാരുടെ നിയമന സേവന ചട്ടങ്ങൾക്ക് അന്തിമരൂപം നൽകിയിട്ടില്ല.

(ഡി) (എ) വിഭാഗത്തിന് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

119 (676) അയൽക്കൂട്ടങ്ങൾ

ശ്രീ. കെ. ബാബു :

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ ഗ്രാമപഞ്ചായത്തുകളിലും അയൽക്കൂട്ടങ്ങൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്;

(സി) ഇവയ്ക്ക് സ്റ്റാറ്റ്യൂട്ടറി നിലനിൽപ്പുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) പദ്ധതി പ്രവർത്തനങ്ങളുടെ വിജയകരമായ പ്രവർത്തനത്തിൽ ജനങ്ങളുടെ നേരിട്ടുള്ള പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള ലക്ഷ്യത്തോടെയാണ് അയൽക്കൂട്ടങ്ങൾ പ്രവർത്തിച്ചു വരുന്നത്.

(സി) ഇല്ല.

120 (677) ത്രിതല പഞ്ചായത്തുകളെ സംബന്ധിച്ച പരാതികൾ

ശ്രീ. ടി.എം. ജേക്കബ് :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ജനകീയാസൂത്രണ നടത്തിപ്പുമായി ബന്ധപ്പെട്ട് ഏതെല്ലാം ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചും ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ചും ജില്ലാ പഞ്ചായത്തുകളെ സംബന്ധിച്ചും പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്;

(ബി) ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ത്രിതല പഞ്ചായത്തുകൾക്ക് 1997-98, 1998-99 വർഷങ്ങളിൽ നൽകിയ തുക മുഴുവനായി ചെലവഴിച്ചിട്ടുണ്ടോ;

(ഡി) ഇതു സംബന്ധമായി ലഭിച്ച പരാതികളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) ത്രിതല പഞ്ചായത്തുകളെ സംബന്ധിച്ചുള്ള പെർഫോർമൻസ് ആഡിറ്റ് അടക്കമുള്ള പരിശോധനകൾ എവിടെയെല്ലാം നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) തിരുവനന്തപുരം, കോട്ടയം, ഇടുക്കി, എറണാകുളം, മലപ്പുറം, പാലക്കാട് ജില്ലാപഞ്ചായത്തുകൾക്കെതിരെയും അതിയന്നൂർ, വാമനപുരം, വെള്ളനാട്, തൊടുപുഴ, ഇടുക്കി, അടിമാലി, കാഞ്ഞിരപ്പള്ളി, ചടയമംഗലം, ഇടപ്പള്ളി, ചാലക്കുടി, കൊടുങ്ങല്ലൂർ, തളിപ്പറമ്പ് എന്നീ ബ്ലോക്ക് പഞ്ചായത്തുകൾക്കെതിരെയും പരാതികൾ ലഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച വിശദവിവരം ശേഖരിച്ചുവരുന്നു.

(ബി) പരാതികൾ പെർഫോർമൻസ് ആഡിറ്റ്, ടെക്നിക്കൽ ആഡിറ്റ് എന്നീ ഗ്രൂപ്പുകളുടെ അന്വേഷണത്തിന് വിധേയമാക്കിയിട്ടുണ്ട്. കൂടാതെ അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കുവാൻ ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാ കളക്ടർമാർ എന്നിവർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ലഭിച്ച പരാതികൾ വിവിധ ഏജൻസികൾ വഴി അന്വേഷണം നടത്തിവരുന്നു.

(ഇ) 1996-97 വർഷത്തിൽ 606 ഗ്രാമപഞ്ചായത്തുകളുടെയും 81 ബ്ലോക്ക് പഞ്ചായത്തുകളുടെയും 6 ജില്ലാ പഞ്ചായത്തുകളുടെയും 1997-98 വർഷത്തിൽ 248 ഗ്രാമപഞ്ചായത്തുകളുടെയും 70 ബ്ലോക്ക് പഞ്ചായത്തുകളുടെയും 2 ജില്ലാ പഞ്ചായത്തുകളുടെയും ആഡിറ്റ് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ കോട്ടയം, കോഴിക്കോട്, കണ്ണൂർ, തിരുവനന്തപുരം ജില്ലകളിലെ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലാ പഞ്ചായത്തുകളിലും പെർഫോർമൻസ് ആഡിറ്റ് നടത്തിയിട്ടുണ്ട്. 152 ബ്ലോക്ക് പഞ്ചായത്തുകളിലും പെർഫോർമൻസ് ആഡിറ്റ് നടത്തികഴിഞ്ഞു. ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച് വിശദ വിവരം ശേഖരിച്ചുവരുന്നു.

121 (678) അവിശ്വാസപ്രമേയം പാസ്സാക്കൽ

ശ്രീ. എഴുകോൺ നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly